നമ്പർ : SJD/100007/2019-F2

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ,തിരുവനന്തപുരം.
തീയതി : 13/06/2019
E-mail:swdkerala@gmail.com
Ph: 0471 2306040

## സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ് - സ്റ്റേറ്റ് ജോബ് പോർട്ടൽ, സ്കിൽ രജിസ്ട്രി - ആശയം ഉപയോഗിക്കുന്നത് - സംബന്ധിച്ച്

സൂചന: കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 17/05/2019 ലെ KASE – 07/2017 നം. കത്ത്

സമൂഹത്തിന്റെ വിവിധ മേഖലകളിൽ നൈപുണ്യ വികസനപദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും മറ്റ് സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഒരു ഏകജാലക സംവിധാനമായ ജോബ് പോർട്ടൽ ((www.satejobportal.kerala.gov.in) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിലൂടെ (KASE) പ്രവർത്തിച്ചു വരുന്നു. ടി പോർട്ടലിലൂടെ തോഴിൽ അന്വേഷകർക്ക് സ്വന്തം വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് തങ്ങൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും തൊഴിൽ ദാതാവിനു അനുയോജ്യരായ ഉദ്യോഗാർത്ഥിയെ കണ്ടെത്തുന്നതിനും സാധിക്കും. അതോടൊപ്പം ദൈനംദിന ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് വിഗദ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുവാൻ ഉതകുന്ന ഒരു സംവിധാനമായ സ്കിൽ രജിസ്ട്രി (www.keralaskillregistry.com) കെൽട്രോണിന്റെ സഹായത്തോടെ KASE വികസിപ്പിച്ചെടുത്തിട്ടുണ്ട്.

മേൽ വിവരിച്ച രണ്ടു പോർട്ടലിലൂടെയും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ, പ്രൊബേഷൻ ഓഫീസുകൾ എന്നിവിടങ്ങളിലൂടെ സേവനങ്ങൾ ലഭ്യമാകുന്ന ജനവിഭാഗങ്ങളിലെയും വകുപ്പിൻറെ കീഴിലെ ക്ഷേമസ്ഥാപനങ്ങളിലെ ഗുണഭോക്താക്കളിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും മറ്റ് സേവന ദാതാക്കളെയും താങ്കളുടെ ഓഫീസുമായി ബന്ധപ്പെട്ട മേഖലയിലെ തൊഴിൽ വൈദഗ്ദ്ധ്യമുള്ള വ്യക്തികളെയും രജിസ്റ്റർ ചെയ്യിക്കുന്നതിനും ടി രണ്ടു പോർട്ടലുകളുടെയും പ്രയോജനം അർഹരായവർക്ക്

sh

ലഭ്യമാക്കുന്നതിന് വേണ്ട നടപടികളും ഇതുമായി ബന്ധപ്പെട്ട് വിപുലമായ പ്രചാരണവും തുടർ പ്രവർത്തങ്ങൾക്കും നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ DSJO മാർക്കും
DPO മാർക്കും
ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

sh